**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **22-07-2021 - ൽ മറുപടിയ്ക്ക്**

**ടെക്സ്റ്റൈൽ മേഖലയിലെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ പൊതുമേഖലയിൽ - സഹകരണമേഖലയടക്കം എത്ര മില്ലുകളാണ് പ്രവർത്തിപ്പിക്കുന്നത്എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമേഖലയിലെ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഉൾപ്പെടെ 9-ഉം സഹകരണ മേഖലയിലെ 8-ഉം അടക്കം ആകെ 17 മില്ലുകളാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | ആധുനിക സംവിധാനത്തോടുകൂടി മെച്ചപ്പെട്ട നൂൽ ഉല്പാദനം നടത്താൻ കഴിയുന്ന സ്ഥാപനങ്ങളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഇടപെടൽ നടത്താമോ; | (ബി) | ആധുനിക സംവിധാനത്തോടു കൂടി മെച്ചപ്പെട്ട നൂൽ ഉല്പാദനം നടത്താൻ കഴിയുന്ന മില്ലുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു വേണ്ടി നല്ല ഗുണനിലവാരമുള്ള പഞ്ഞി വാങ്ങുന്നതിനും ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിനുമായി മില്ലുകൾ നവീകരിക്കുന്നതിന് സർക്കാർ പ്രതിവർഷം ധനസഹായം നൽകുന്നുണ്ട്. |
| (സി) | പൂർണ്ണമായ സംരക്ഷണവും, സൗകര്യങ്ങളും നൽകി സ്ത്രീ തൊഴിലാളികളുടെ സേവനം അടക്കം ഉപയോഗപ്പെടുത്തി മൂന്ന് ഷിഫ്റ്റും പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്റ്റ്, 1948 സെക്ഷൻ 66-ൽ നിയമാനുസൃതമായി ഭേദഗതി വരുത്തുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹു.രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടിയിട്ടുണ്ട്. |
| (ഡി) | ടെക്സ്റ്റൈൽ മേഖലയെ സമഗ്രമായി കണ്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | എല്ലാ സ്പിന്നിംഗ് മില്ലുകളും പുതിയ പദ്ധതി കൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നതായി കൈത്തറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതു ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ